Noes 5

1. Shri N. Bhaskaran Nair
2. Shri N.I. Devassykutty
3. Shri M. P. Gangadharan
4. Shri R. Sundaresan Nair
5. Shri S. Thankappan Pillai

Neutrals—Nil

Mr. Speaker : Those for the motion 62
Those against 5
Neutrals Nil

The Bill was declared finally passed.

[Mr. Dy. Speaker in the Chair]

(ii) 1979–ലെ തിരൂർ മുൻസിപ്പൽ കൗൺസിൽ (കൗൺസിലർമാരുടെ ഉദ്യോഗകാലാവധി ദീർഘിപ്പിക്കൽ) ബിൽ.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി എച്ച്. മുഹമ്മദുകോയ): 1979–ലെ തിരൂർ മുൻസിപ്പൽ കൗൺസിൽ (കൗൺസിലർമാരുടെ ഉദ്യോഗ കാലാവധി ദീർഘിപ്പിക്കൽ) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ആർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് അടിയന്തിര നിയമനിർമ്മാണം നടത്താൻ വേണ്ടിയുള്ള സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെൻറും ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി): ഞാൻ അതിനെ പിൻതാങ്ങുന്നു.

Mr. Dy. Speaker: The Bill stands introduced

ശ്രീ. സി.എച്ച്. മുഹമ്മദുകോയ: ഈ ബിൽ പരിഗണനക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആഭ്യന്തരവകുപ്പു മന്ത്രി (ശ്രീ. കെ.എം. മാണി): ഞാൻ അതിനെ പിൻതാങ്ങുന്നു.

ശ്രീ. എൻ. കെ. ദേവസ്സിക്കുട്ടി: ഇന്നലെ പറഞ്ഞതനുസരിച്ച് ഞാൻ പ്രസംഗിക്കുന്നില്ല. എന്റെ ഭേദഗതി മൂവ് ചെയ്യുന്നു.

I move that the Tirur Municipal Council (Extension of Term of Office of Councillors) Bill, 1979 be circulated for eliciting public opinion till 31st May 1979.

Shri R. Sundaresan Nair: Sir, I move that the Tirur Municipal Council (Extension of Term of Office of Councillors) Bill, 1979 be referred to a Select Committee. ജനാധിപത്യത്തെ വധിക്കുക എന്ന പ്രക്രിയയുടെ അടുത്ത ഘട്ടത്തിലാണ് ഈ സഭ കടക്കുക. ഇഞ്ചിഞ്ചായി

LIBRARY ARCHIVES Kerala Legislative Assembly

വധിക്കുകയാണ് ചെയ്യുന്നത്. ഈ സഭ തുടങ്ങിയതിനുശേഷം ജൂണിൽ തെരഞ്ഞെടുപ്പ് നടത്തുമെന്നു പറഞ്ഞ് ഒരു ബിൽ കൊണ്ടുവന്നു. സെപ്റ്റംബറിൽത്തന്നെ തെരഞ്ഞെടുപ്പു നടക്കുമെന്നു ബഹുമാന്യനായ മന്ത്രി സഭയ്ക്കകത്ത് പ്രഖ്യാപിക്കുകയും ഒക്ടോബറിൽ തെരഞ്ഞെടുപ്പു നടത്തണമെന്ന ഭേദഗതി ബഹുമാന്യനായ മന്ത്രിതന്നെ കൊണ്ടുവരികയും ചെയ്തിരിക്കുകയാണ്. ഈ സഭ തുടങ്ങിയതിനുശേഷം തന്നെ തെരഞ്ഞെടുപ്പ് രണ്ടു പ്രാവശ്യം മാറ്റിവച്ചിരിക്കുകയാണ്. ഈ രാജ്യത്തിലെ ജനങ്ങളെ ജനാധിപത്യത്തിനേറെയും സോഷ്യലിസത്തിനേറെയും പേരു പറഞ്ഞ് വിശ്വസിപ്പിക്കുകയും ജനാധിപത്യത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾക്ക് വിരുദ്ധമായ രീതിയിൽ ഭൂരിപക്ഷമുള്ളതുകൊണ്ട് പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു ഗവൺമെന്റാണ് ഇത്. വളരെയധികം രാഷ്ട്രീയ കക്ഷികളും വരുമ്പോൾ തെരഞ്ഞെടുപ്പിൽ ഒരു കക്ഷിക്കു ഭൂരിപക്ഷം കിട്ടാത്ത സാഹചര്യം വരുമ്പോൾ കൂട്ടുകക്ഷി ഗവൺമെന്റ് ഉണ്ടാക്കുക സ്വാഭാവികമാണ്. അതു പക്ഷേ രണ്ടു തരത്തിലുണ്ട്. ശരിക്ക് ജനങ്ങളെ നേരിടുകയും ജനവിധി നേരിട്ടുകൊണ്ട് തെരഞ്ഞെടുക്കപ്പെടുന്ന രാഷ്ട്രീയകക്ഷികളും തെരഞ്ഞെടുപ്പിനുശേഷം ഒന്നിച്ചു ചേർന്ന് ഗവൺമെന്റ് ഉണ്ടാക്കാനുള്ള ഭൂരിപക്ഷം നേടിക്കൊണ്ട് ഒരു ഗവമമെന്റ് ഉണ്ടാക്കിയാൽ അവർക്ക് ഈ രാജ്യത്തിലെ ജനങ്ങളോട് ഉത്തരവാദിത്വം ഉണ്ടായിരിക്കണം. ജനാധിപത്യ തത്വങ്ങളോട് ഉത്തരവാദിത്വം ഉണ്ടായിരിക്കണം. ജനങ്ങളെ ഭയമുണ്ടായിരിക്കണം. പക്ഷേ തെരഞ്ഞെടുപ്പിനു മുൻപ് കുറേയധികം രാഷ്ട്രീയ കക്ഷികളും ഒന്നിച്ചു ചേർന്ന് വലിയ ഭൂരിപക്ഷത്തോടുകൂടി ജയിച്ച്കഴിഞ്ഞ് ഒരു ഗവൺമെന്റുണ്ടാക്കിയാൽ ആ ഗവൺമെന്റിൽനിന്നു ജനങ്ങളോട് ഉത്തരവാദിത്വമില്ലാത്ത ഇത്തരം നിരുത്തരവാദപരമായ പെരുമാറ്റങ്ങളും സാധാരണ ഉണ്ടാകാറുണ്ട്. ഞാൻ ഈ പ്രശ്നം അവതരിപ്പിക്കുമ്പോൾ പ്രതിപക്ഷത്തുനിന്നും പറയുന്ന ആളുകളുടെ അഭിപ്രായം പോലും മാനിക്കാതെ വളരെ പുച്ഛമായ സംസാരങ്ങളും ഗവൺമെന്റ് പക്ഷത്തുനിന്നൊക്കെ ഉണ്ടാകുന്നുണ്ട്. അത് അധികാര പ്രമത്തതയുടെ ഫലമായി ഉണ്ടാകുന്നതാണ്. തെരഞ്ഞെടുപ്പിനു മുൻപ് കുറേയധികം രാഷ്ട്രീയ കക്ഷികളും ഒന്നുചേർന്നു വലിയ ഭൂരിപക്ഷത്തോടുകൂടി ജയിച്ചതിനുശേഷം ശരിക്കും ജനപിൻതുണയുള്ള രാഷ്ട്രീയ കക്ഷികളെ മാറ്റിനിറുത്തിക്കൊണ്ട് അധികാരത്തിൽ തുടരാൻ കഴിയുമെന്നുള്ള ധിക്കാരത്തിന്റെ പ്രകടനമാണ് അത്. പഞ്ചായത്തു മുനിസിപ്പൽ കാർപ്പറേഷൻ തെരഞ്ഞെടുപ്പുകളൊക്കെ ഗവൺമെന്റ് നേരിടുന്നതിന് വാസ്തവത്തിൽ ഭയപ്പെടുന്നു എന്നുള്ളതാണ് സത്യം. ആ ഭയത്തിന്റെ ഭാഗമായി ഇനി വരാൻ പോകുന്ന തെരഞ്ഞെടുപ്പുകളെ നേരിടാൻ നാഷണൽ ഡെമോക്രാറ്റിക് പാർട്ടിയുടെ സഹായം ആവശ്യമായിവരുമെന്നു അറിയാമെന്നുള്ളതുകൊണ്ട് അതിനുള്ള ശ്രമങ്ങളും നടത്തുന്നുണ്ട്. അതില്ലാതെ വന്നപ്പോൾ ആ പാർട്ടിയുടെ ഒരു വിഭാഗത്തിന്റെയെങ്കിലും സഹകരണം തട്ടിയെടുത്താൽ ഈ തെരഞ്ഞെടുപ്പിനെ നേരിടാമല്ലോ എന്നു വിചാരിച്ച് അതിനു ഒരു ശ്രമം നടത്തി. പക്ഷേ അതിൽ പരാജയപ്പെട്ടു. രണ്ടു എം.എൽ.എ. മാരെ മാത്രം തട്ടിയെടുക്കാൻ കഴിഞ്ഞു. രണ്ടു പേർ കുറഞ്ഞു എന്നുള്ളതുകൊണ്ട് ഗവൺമെന്റ് തകരുന്ന സാഹചര്യമല്ല ഉള്ളത്. പക്ഷേ കിട്ടിയത് രണ്ടു പേരെയാണ്. വോട്ടു ചെയ്യാൻ അവകാശമുള്ള ജനങ്ങൾക്കു എൻ.ഡി.പി.യെ അറിയാം. അവരിൽ ഒരാളുടെപോലും വോട്ടു നേടിയെടുക്കാൻ നിങ്ങൾക്കു സാധിക്കുകയില്ലെന്നുള്ള സത്യം മനസ്സിലാക്കണം. വീണ്ടും തെരഞ്ഞെടുപ്പ് മാറ്റിവയ്ക്കാനുള്ള കരുക്കൾ മുന്നോട്ടു നീക്കിക്കൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് ഈ ബില്ലിനെ ശക്തിയായി എതിർക്കേണ്ടിയിരിക്കുന്നു. ജനങ്ങളെ ഭയപ്പെടുന്നതുകൊണ്ട് ജനങ്ങളെ നേരിട്ടാൽ ജയിക്കാൻ കഴിയുകയില്ലെന്നുള്ള വിശ്വാസമുള്ളതുകൊണ്ട് തെരഞ്ഞെടുപ്പ് നീട്ടിവയ്ക്കാനുള്ള ശ്രമമാണ് ഗവൺമെൻറ് നടത്തിക്കൊണ്ടിരിക്കുന്നത്. എന്തും ചെയ്യാനുള്ള അധികാരമുണ്ട്, സ്വാതന്ത്ര്യമുണ്ട്, അതിനുള്ള ഭൂരിപക്ഷമുണ്ട്. പഞ്ചായത്തുകളിലേയും മുനിസിപ്പാലിറ്റികളിലേയും കോർപ്പറേഷനുകളിലേയും തെരഞ്ഞെടുപ്പ് നടത്തിയാൽ, എല്ലാ തെരഞ്ഞെടുപ്പിലും ഗവൺമെൻറ് കക്ഷി പരാജയപ്പെടുമെന്നുള്ളതുകൊണ്ട് ഗവൺമെൻറിന്റെ കാലാവധി തീരുന്നതുവരെ ഇങ്ങനെ നീട്ടിക്കൊണ്ടുപോകാമെന്നാണ് വിചാരിക്കുന്നത്. അതിനുള്ള തൊലിക്കട്ടി ഈ ഗവൺമെൻറിനുണ്ട്. അതുവരെ ഈ തെരഞ്ഞെടുപ്പ് മാറ്റിവയ്ക്കുമെന്നുള്ളതിൽ യാതൊരു സംശയവുമില്ല. അതുകൊണ്ട് ഈ ബില്ലിനെ ശക്തിയായി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ): പുതുതായ വാദങ്ങളൊന്നും ഉന്നയിച്ചിട്ടില്ലാത്തതുകൊണ്ട് ഞാൻ കൂടുതലായി ഒന്നും പറയാൻ ആഗ്രഹിക്കുന്നില്ല. ഈ ബിൽ പാസാക്കിത്തരണമെന്നു അഭ്യർത്ഥിക്കുന്നു.

The amendment moved by Shri N. I. Devassykutty was put and lost.

The amendment moved by Shri R. Sundaresan Nair was put and lost.

The question that the Tirur Municipal Council (Extension of Term of Office of Councillors) Bill, 1979, be taken into consideration was put and carried.

The Bill was taken into consideration.

Clause 2

Minister for Education: **Shri C. H. Mohammed Koya** :

Sir, I move. In clause 2, for the word and figures "June, 1979", the word and figures "October, 1979" shall be substituted.

The amendment moved by the Hon. Minister was put and adopted.

The question that clause 2, as amended stands part of the Bill was put and carried.

Clause 2 as amended was added to the Bill.

Clause 3

The question that clause 3 stands part of the Bill was put and carried.

Clause 3 was added to the Bill.

Clause 1, *Preamble and Title*

The question that clause, Preamble and Title stands part of the Bill was put and carried.

Clause 1, Preamble and Title were added to the Bill.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ): 1979—ലെ തിരൂർ മുൻസിപ്പൽ കൗൺസിൽ (കൗൺസിലർമാരുടെ ഉദ്യോഗ കാലാവധി ദീർഘിപ്പിക്കൽ) ബിൽ പാസാക്കിത്തരണമെന്നപ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

Minister for Home (**Shri K. M. Mani**): Sir, I second it.

ശ്രീ. പി.ആർ. ശിവൻ: സർ, തിരൂർ മുനിസിപ്പൽ കൗൺസിലിന്റെ കാലാവധി നീട്ടുന്നതിനുള്ള ഈ ബില്ലിനെ ഞാൻ എതിർക്കുന്നു. ആവർത്തന വിരസത രണ്ടുരീതിയിലുണ്ട്. ഒന്നു നീട്ടണമെന്നു പറയുന്നകാര്യം തന്നെ ആവർത്തനമാണ്. അതിനെ എതിർത്തു സംസാരിച്ചതും ആവർത്തനമാണ്. അതിന് ആരാണ് വിളക്കുകൊളുത്തിയത് പ്രയാറിട്ടി കൊടുത്തത് എന്നുള്ളതിനെ സംബന്ധിച്ചു ചിന്തിക്കണം. അതുകൊണ്ടു കഴിഞ്ഞ നിയമസഭാ സമ്മേളനകാലത്തു പഞ്ചായത്തു മുനിസിപ്പൽ കോർപ്പറേഷൻ തെരഞ്ഞെടുപ്പുകൾ നീട്ടുന്നതിനെക്കുറിച്ചു സംസാരിച്ചത് അതേപടി ഇപ്പോൾ ആവർത്തിച്ചാലും ഒരു കുഴപ്പവുമില്ല. തെരഞ്ഞെടുപ്പു നീട്ടാൻവേണ്ടി പറയുന്ന ന്യായങ്ങളുടെ ആവർത്തന വിരസത നീട്ടരുതെന്ന കാര്യത്തിൽ അവലംബിച്ചാലും ഒരു അഭിപ്രായ വ്യത്യാസവുമില്ല. കഴിഞ്ഞവർഷം തെരഞ്ഞെടുപ്പു നീട്ടുന്നതിനെതിരായി സംസാരിച്ചകാര്യങ്ങൾ തന്നെ അപൂർവ്വം ചില വാക്കുകൾ വിട്ടുപോയാലും ഇപ്പോൾ ആവർത്തിക്കുന്നതിൽ ക്ഷമിക്കണമെന്നു ഞാൻ പറയുകയാണ്. പഞ്ചായത്തു മുനിസിപ്പൽ കോർപ്പറേഷൻ തെരഞ്ഞെടുപ്പുകൾ നടന്നിട്ടു വർഷങ്ങളായി. ഈ തെരഞ്ഞെടുപ്പുകൾ നടക്കുമ്പോഴുണ്ടായിരുന്ന രാഷ്ട്രീയ കാലാവസ്ഥയല്ല, രാഷ്ട്രീയ ബന്ധങ്ങളല്ല ഇപ്പോൾ ഇവിടെയുള്ളത്. ജനങ്ങൾ അതാതു കാലത്തു തെരഞ്ഞെടുത്തയച്ച ആളുകൾ ഇന്ന് അതാതു രാഷ്ട്രീയ കക്ഷികളിലല്ല പ്രവർത്തിക്കുന്നത്. രാഷ്ട്രീയ കക്ഷിബന്ധങ്ങളിൽ മാറ്റം വന്നിരിക്കുകയാണ്. നിർഭാഗ്യവശാൽ തെരഞ്ഞെടുക്കപ്പെടുന്നവർ ജനങ്ങളുടെ താൽപ്പര്യത്തിനെതിരായി പ്രവർത്തിച്ചാൽ അവരെ തിരിച്ചു വിളിക്കാനുള്ള ഒരു സംവിധാനം ഇന്നില്ല. കോൺഗ്രസ്സ് കക്ഷിയിൽനിന്നും ജയിച്ചവർതന്നെ ഇന്നു രാഷ്ട്രീയ ബന്ധത്തിലുണ്ടായ മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ അവർക്ക് ഇഷ്ടമുള്ള പാർട്ടിയിൽ കയറി പ്രവർത്തിക്കുന്നുണ്ട്; വ്യത്യസ്ത രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ അഭയം തേടിയിട്ടുണ്ട്. ജനങ്ങളുടെ ഇഷ്ടപ്രകാരം, ഒരു പ്രത്യേക രാഷ്ട്രീയ താൽപ്പര്യത്തിനോ, കക്ഷി ചിന്താഗതിക്കോ അനുസരണമായി വോട്ടുചെയ്തിട്ടുണ്ടെങ്കിൽ ഇന്ന് ആ താൽപ്പര്യം സംരക്ഷിക്കപ്പെടുന്നില്ല. ഇന്ന് അവർക്ക് ഇഷ്ടമുള്ള താൽപ്പര്യത്തെയാണു പ്രതിനിധീകരിക്കുന്നത്. ഇതു ജനാധിപത്യത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾക്കു നിരക്കുന്നതല്ല. അതുകൊണ്ട് രാഷ്ട്രീയപ്പാർട്ടികളിൽ ഉണ്ടായിട്ടുള്ള ഭിന്നിപ്പു യഥാർത്ഥ ജനവിഭാഗങ്ങളുടെ വികാരങ്ങളെ പ്രതിഫലിപ്പിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പോലും കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് ഈ തെരഞ്ഞെടുപ്പു നീട്ടുകയെന്നു പറഞ്ഞാൽ പഞ്ചായത്തു തെരഞ്ഞെടുപ്പായാലും മുനിസിപ്പൽ തെരഞ്ഞെടുപ്പായാലും, കോർപ്പറേഷൻ തെരഞ്ഞെടുപ്പായാലും ആ പ്രദേശത്തെ ജനങ്ങളുടെ രാഷ്ട്രീയ അഭിപ്രായം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പ്രതിനിധീകരിക്കണമെന്ന കാര്യത്തെ നിഷേധിക്കലാണ്. ഈ തെരഞ്ഞെടുപ്പുകൾ നീട്ടിവയ്ക്കുന്നതിനെ ന്യായീകരിച്ചുകൊണ്ട് അപ്പുറത്തുനിന്നും സംസാരിക്കുകയും ഒച്ചവയ്ക്കുകയും ചെയ്യുന്നതു കാണുമ്പോൾ പലതും തോന്നുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പലരോടും സംസാരിച്ചപ്പോൾ അവർ എന്നോടു സ്വകാര്യമായി പറഞ്ഞതു കുറെ നിയുക്ത മന്ത്രിമാർ ഒഴിച്ച് ക്രൈസ്തവ സമുദായത്തിൽ നിയുക്ത മെത്രാനുണ്ട്; അടുത്ത മെത്രാനാകുന്ന ആൾ അതുപോലെ അടുത്ത മന്ത്രിമാരാകാൻ നടക്കുന്ന കുറെ ആളുകളൊഴിച്ചു യഥാർത്ഥത്തിൽ നാട്ടിൻപുറത്തുനിന്നും വരുന്ന ജനപ്രതിനിധികളെ സംബന്ധിച്ചിടത്തോളം അവരെല്ലാവരും ഈ നീട്ടലിനെതിരാണെന്നാണു്. പക്ഷെ ഭരണത്തിൽ തുല്യ ബാദ്ധ്യതയുള്ളതിന്റെ പേരിൽ പിന്തുണക്കേണ്ട ഗതികേടൊഴിച്ചാൽ പഞ്ചായത്തു മുനിസിപ്പൽ കോർപ്പറേഷൻ തെരഞ്ഞെടുപ്പുകൾ നടക്കുന്നതിനെ എതിർക്കുന്നവർ വളരെ വിരളമാണെന്നാണു് അവരുടെ സംസാരങ്ങളിൽനിന്നും മനസ്സിലാകുന്നതു്. നമ്മുടെ സംസ്ഥാനം പലകാര്യങ്ങളിലും ഒന്നാം സ്ഥാനം നേടിയിട്ടുണ്ടു്. കാർഷിക പരിഷ്കരണം നടപ്പിലാക്കുന്ന കാര്യത്തിൽ സാക്ഷരതയുടെ കാര്യത്തിൽ മിനിമം വേജസ് നടപ്പിലാക്കുന്ന കാര്യത്തിൽ ഇങ്ങനെ പല കാര്യങ്ങളിലും ഒന്നാം സ്ഥാനം നേടിയിട്ടുണ്ടു്. അതുപോലെ പഞ്ചായത്തു മുനിസിപ്പൽ കോർപ്പറേഷൻ തെരഞ്ഞെടുപ്പുകളും മാറ്റിവയ്ക്കുന്ന കാര്യത്തിൽ ഒന്നാം സ്ഥാനം നേടിയിട്ടുണ്ടു്. സാക്ഷരതയുടെ ചുമതല വഹിക്കുന്ന ഇന്നത്തെ വിദ്യാഭ്യാസവകുപ്പു മന്ത്രിയാണല്ലോ ശ്രീ. സി.എച്ച്. മുഹമ്മദുകോയ. അദ്ദേഹം ഇപ്പോൾ തദ്ദേശസ്വയഭരണസ്ഥാപനങ്ങളുടെ കൂടി ചുമതല വഹിക്കുന്നു. വിശ്വവിജ്ഞാനകോശം, സർവ്വവിജ്ഞാനകോശം, ഭരണഭാഷ മലയാളത്തിലാക്കുന്ന പ്രക്രിയകളും ഇതെല്ലാം നടന്നുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണു് ഇതു്. വിശ്വവിജ്ഞാനകോശത്തിൽ, അർത്ഥശാസ്ത്രത്തിൽ ഒരു പുതിയ വാക്കുകൂടി സംഭാവന ചെയ്യാൻ കഴിഞ്ഞിരിക്കുന്നു. ''നാണക്കേടെന്ന'' വാക്കു്. നാണക്കേടെന്ന വാക്കിന്റെ പര്യായം—''ഇന്നത്തെ കേരള മന്ത്രിസഭ'' ഇത്രയും തൊലിക്കട്ടിയുള്ള ആളുകളെ കേരള ചരിത്രത്തിൽ വേറെ എവിടെയെങ്കിലും കണ്ടിട്ടുണ്ടോ? തൊലിക്കട്ടി മൂത്തുമൂത്തു കാര കുത്തിയിറക്കിയാൽ പോലും ഒരുതുള്ളിച്ചോരയില്ലാത്ത കാഠിന്യത്തിൽ വന്നിരിക്കുകയാണു്. അതുകൊണ്ടാണു് പഞ്ചായത്തു മുനിസിപ്പൽ കോർപ്പറേഷൻ തെരഞ്ഞെടുപ്പുകൾ മാറ്റിവയ്ക്കാൻ പാടില്ലെന്നു പറയുമ്പോൾ അപ്പുറത്തുനിന്നും അതിനെതിരായി ശബ്ദകോലാഹലങ്ങൾ വരുന്നതു്. ഇന്നത്തെ കക്ഷിബന്ധങ്ങളിൽ തകരാറുകൾ സംഭവിച്ചിട്ടുള്ള അവസരത്തിൽ ജനപ്രതിനിധികളെ തിരിച്ചു വിളിക്കാൻ വ്യവസ്ഥയില്ലാത്ത സ്ഥിതിക്കു ജനതാൽപ്പര്യങ്ങൾക്കു വിരുദ്ധമായ പ്രവണതതെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ നിലനിൽക്കുന്നതിനാൽ യാതൊരു കാരണവശാലും ഈ തെരഞ്ഞെടുപ്പുകൾ മാറ്റിവക്കാൻ പാടില്ലെന്നാണെനിക്കു് ശക്തിയായി ആവശ്യപ്പെടാനുള്ളതു്. തെരഞ്ഞെടുപ്പിൽ ജയിച്ചുവന്ന പഴുതാര മീശക്കാരുടെ മീശയും തലയും എല്ലാം പഞ്ഞിക്കൂടംപോലെ നരച്ചു ഷഷ്ഠിപൂർത്തിക്കാലമായിട്ടും ഇപ്പോഴും ഇത്ര അപഹാസ്യമായി ഈ തെരഞ്ഞെടുപ്പു നീട്ടിക്കൊണ്ടു പോകുന്ന നടപടിയെ ശക്തിയായി എതിർത്തുകൊണ്ടു് ഞാൻ അവസാനിപ്പിക്കുന്നു.

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. സി.എച്ച്. മുഹമ്മദുകോയ): ശ്രീ. ശിവൻ പറഞ്ഞതുശരിയാണു്. വാസ്തവത്തിൽ ഇപ്പോഴുള്ള പഞ്ചായത്തുകൾ യഥാർത്ഥ ജനപിൻതുണയുള്ളതല്ല. കുറെകൊല്ലങ്ങൾക്കുമുൻപു തെരഞ്ഞെടുപ്പുകൾ നടന്നതാണു്. സെപ്റ്റംബർ മാസത്തോടുകൂടി തെരഞ്ഞെടുപ്പു നടക്കുമ്പോൾ യഥാർത്ഥ ജനപ്രതിനിധികൾ അധികാരത്തിൽ വരുമെന്നുള്ളതുകൊണ്ടു് ഈ ബില്ല് പാസ്സാക്കിത്തരണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

The question that the Tirur Municipal Council (Extension of Term of Office of Councillors) Bill, 1979 be finally passed was put and carried.

The Bill was finally passed.

(iii) 1979-ലെ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ (പിരിച്ചുവിടൽ) ഭേദഗതി ബിൽ

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ .സി .എച്ച്. മുഹമ്മദുകോയ): 1979–ലെ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ (പിരിച്ചുവിടൽ) ഭേദഗതിബിൽ ഞാൻ അവതരിപ്പിക്കുന്നു. ആർഡിനൻസ് പുറപ്പെടുവിച്ചുകൊണ്ട് അടിയന്തിര നിയമനിർമ്മാണം നടത്താനുള്ള സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെൻറും മേശപ്പുറത്തു വയ്ക്കുന്നു.

Mr. Speaker: The Bill stands introduced.

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഈ ബിൽ പാസാക്കിത്തരണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

Minister for Transport (**Shri K. Narayana Kurup**): Sir, I second it.

Shri N. I. Devassykutty: Sir, I move that the Trivandrum Municipal Corporation (Dissolution) Amendment Bill, 1979 be circulated for eliciting public opinion till 31st May, 1979.

Shri R. Sundaresan Nair: Sir, I move that the Trivandrum Municipal Corporation (Dissolution) Amendment Bill, 1979 be referred to a Select Committee.

സർ, വളരെ വേദനയോടും ലജ്ജയോടുംകൂടി ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. ലജ്ജയുടെ കാര്യം പറയേണ്ട ആവശ്യമില്ല. വേദനയുടെ കാര്യം പറയാം. ഇത് തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന്റെ സമിതിയെ പിരിച്ചുവിട്ടുകൊണ്ടുള്ള നിയമത്തിന് സമയം നീട്ടി പ്രാബല്യം കൊടുക്കുന്നതിനുള്ള ബില്ലാണ്. തിരുവനന്തപുരം നഗരം ഈ സംസ്ഥാനത്തിന്റെ തലസ്ഥാനമാണ്. ഇവിടെ അധികാരത്തിലിരിക്കുന്ന പല മന്ത്രിമാർക്കും താൽപ്പര്യമില്ലെങ്കിലും തിരുവനന്തപുരം നഗരത്തിന്റെ വളർച്ച, അതിന്റെ പുരോഗതി അത് ഈ രാജ്യത്തിന്റെ മുഴുവൻ ആവശ്യമാണ്. ഈ സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തുനിന്നും പല കാര്യങ്ങൾക്കായി തിരുവനന്തപുരത്തു വരേണ്ട സാധാരണക്കാരായ ആളുകൾക്ക് അത്യാവശ്യമായ മുഴുവൻ സൗകര്യങ്ങളും തിരുവനന്തപുരം നഗരിക്ക് ഉണ്ടാകേണ്ടത് സംസ്ഥാനത്തെ മുഴുവൻ ആളുകളുടെയും ആവശ്യമാണ്. പക്ഷേ ഈ കാര്യത്തിൽ താൽപ്പര്യമില്ലാത്ത, തിരുവനന്തപുരം നഗരത്തിന്റെ കാര്യത്തിൽ യാതൊരു താൽപ്പര്യവുമില്ലാത്ത ഒരു സംവിധാനമാണ് അവിടത്തെ ഭരണം ഇന്നു കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്നത്. തിരുവനന്തപുരത്തെ ജനങ്ങളോട് നഗരത്തിലെ ആളുകളുടെ പൊതുവായ വികാരങ്ങളോട് യാതൊരു ഉത്തരവാദിത്വവുമില്ലാത്ത കുറേ ഉദ്യോഗസ്ഥൻമാരുടെ കയ്യിൽ ഇപ്പോൾ തിരുവനന്തപുരം നഗരത്തിന്റെ ഭരണം ഏൽപ്പിച്ചിരിക്കുകയാണ്. ഞാൻ മുമ്പൊരിക്കൽ ചൂണ്ടിക്കാണിച്ച ഉദാഹരണം ഒരിക്കൽകൂടി ചൂണ്ടിക്കാണിക്കാനാഗ്രഹിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly